ടി.കെ ഉബൈദ്

ഖുര്‍ആന്‍ ബോധനം

# 1098

# സൂറ – 37 / അസ്സ്വാഫ്ഫാത്ത്

**സൂക്തം: 11– 21**

ഭൂമിയില്‍ മരിച്ചു മണ്ണടിഞ്ഞുപോയ മര്‍ത്യരാസകലം ഒരുനാള്‍ ഉയിര്‍ത്തെഴുന്നേല്‍ക്കുക അസാധ്യവും അസംഭവ്യവുമായി അവിശ്വാസികള്‍ കാണുന്നു. എന്നാല്‍ അല്ലാഹുവിന് അതൊട്ടും അസാധ്യമോ പ്രയാസകരമോ അല്ല. ഒരൊറ്റ ഉത്തരവിടുകയേ വേണ്ടൂ, എല്ലാവരും ഉയിര്‍ത്തെഴുന്നേറ്റു അമ്പരപ്പോടെ ചുറ്റും നോക്കുകയായി.

فَٱسْتَفْتِهِمْ أَهُمْ أَشَدُّ خَلْقًا أَم مَّنْ خَلَقْنَآ ۚ إِنَّا خَلَقْنَٰهُم مِّن طِينٍ لَّازِبٍ ﴿١١﴾

11. പ്രവാചകന്‍ അവരോടു ചോദിക്കുക: അവരാണോ അതല്ല, നാം സൃഷ്ടിച്ചിട്ടുള്ള മറ്റു മഹാപ്രതിഭാസങ്ങളാണോ സൃഷ്ടിക്കാന്‍ ഏറെ പ്രയാസമുള്ളത്? അവരെ നാം സൃഷ്ടിച്ചത് ഒട്ടുന്ന കളിമണ്ണില്‍നിന്നത്രെ.

بَلْ عَجِبْتَ وَيَسْخَرُونَ ﴿١٢﴾

12. നീ അത്ഭുതപ്പെടുകയും അവര്‍ പരിഹസിക്കുകയുമാണല്ലോ.

وَإِذَا ذُكِّرُوا۟ لَا يَذْكُرُونَ ﴿١٣﴾

13. ഉപദേശിക്കപ്പെടുമ്പോള്‍ അവര്‍ ഉദ്ബുദ്ധരാകുന്നില്ല.

وَإِذَا رَأَوْا۟ ءَايَةً يَسْتَسْخِرُونَ ﴿١٤﴾

14. ദൃഷ്ടാന്തം കണ്ടാല്‍ പരിഹാസപാത്രമാക്കുന്നു.

وَقَالُوٓا۟ إِنْ هَٰذَآ إِلَّا سِحْرٌ مُّبِينٌ ﴿١٥﴾

15. ഇതു തെളിഞ്ഞ ആഭിചാരം തന്നെ എന്നു ഘോഷിക്കുകയും ചെയ്യുന്നു.

أَءِذَا مِتْنَا وَكُنَّا تُرَابًا وَعِظَٰمًا أَءِنَّا لَمَبْعُوثُونَ ﴿١٦﴾

16. നമ്മള്‍ മരിച്ചു മണ്ണും അസ്ഥികളുമായിക്കഴിഞ്ഞാല്‍ പിന്നെയും ഉയിര്‍ത്തെഴുന്നേല്‍പിക്കപ്പെടുമെന്നോ?!

أَوَءَابَآؤُنَا ٱلْأَوَّلُونَ ﴿١٧﴾

17. നമ്മുടെ പൂര്‍വ പിതാക്കളും ഉയിര്‍ത്തെഴുന്നേല്‍പിക്കപ്പെടുമോ?

11-17

فَاسْتَفْتِهِمْ = അവരോട് വിധി തേടുക, ചോദിക്കുക أَهُمْ = അവരാണോ
أَشَدُّ خَلْقًا = സൃഷ്ടിയാൽ ഏറ്റവും കടുപ്പമുള്ളത് (സൃഷ്ടിക്കാൻ ഏറെ പ്രയാസമുള്ളത്)
أَم مَّنْ خَلَقْنَا = അതല്ല നാം സൃഷ്ടിച്ചിട്ടുള്ളവരോ (ച്ചിട്ടുള്ള മറ്റു മഹാപ്രതിഭാസങ്ങളോ)
إِنَّا خَلَقْنَاهُم = (ത്) അവരെ നാം സൃഷ്ടിച്ചു(ച്ച مِّن طِينٍ لَّازِبٍ = പശിമയുള്ള അൽപം കളിമണ്ണിൽനിന്ന്
بَلْ عَجِبْتَ = (ടുകയും) നീ അത്ഭുതപ്പെട്ടു وَيَسْخَرُونَ = (ക്കുകയുമാണല്ലോ) അവർ പരിഹസിക്കുന്നു
وَإِذَا ذُكِّرُوا = അവർ ഉപദേശിക്കപ്പെടുമ്പോൾ لَا يَذْكُرُونَ = അവർ ഉദ്ബുദ്ധരാകുന്നില്ല
وَإِذَا رَأَوْا آيَةً = അവർ ദൃഷ്ടാന്തം കണ്ടാൽ يَسْتَسْخِرُونَ = അവർ രൂക്ഷമായി പരിഹസി(ഹാസ പാത്രമാ)ക്കുന്നു
وَقَالُوا = (ചെയ്യുന്നു) അവർ പറയു(ഘോഷിക്കു)കയും ചെയ്തു
إِنْ هَٰذَا إِلَّا سِحْرٌ مُّبِينٌ = ഇത് തെളിഞ്ഞ ആഭിചാരം (തന്നെ) അല്ലാതെയല്ല أَإِذَا مِتْنَا = നാം മരിച്ചാൽ
وَكُنَّا تُرَابًا وَعِظَامًا = നാം മണ്ണും അസ്ഥികളുമാ(യി കഴിഞ്ഞാൽ)വുകയും ചെയ്താൽ
أَإِنَّا لَمَبْعُوثُونَ = നാം ഉയിർത്തെഴുന്നേൽപിക്കപ്പെടു(മെന്നോ)ന്നവർ തന്നെയാണെന്നോ
أَوَآبَاؤُنَا الْأَوَّلُونَ = നമ്മുടെ പൂർവ പിതാക്കളും (ഉയിർത്തെഴുന്നേൽപിക്കപ്പെടുമോ)

വാനലോകവും ഭൂലോകവും സൃഷ്ടിച്ച് വ്യവസ്ഥാപിതമായി സംവിധാനിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഏകദൈവമാണ് അല്ലാഹു എന്ന് ഊന്നിപ്പറഞ്ഞ ശേഷം പ്രഭാഷണം മരണാനന്തര ജീവിതത്തിലേക്ക് തിരിയുകയാണ്. ഇവിടെ 'അവർ' എന്ന് വിളിക്കുന്നത് മരണാനന്തര ജീവിതത്തെ നിഷേധിക്കുന്നവരെയാണ്. അഖിലാണ്ഡം സൃഷ്ടിച്ചു പരിപാലിക്കുന്നവനാണ് അല്ലാഹു എന്ന കാര്യത്തിൽ അവരും യോജിച്ചിരുന്നു. എന്നാൽ മരിച്ചു മണ്ണടിഞ്ഞ മനുഷ്യനെ അവൻ പുനഃസൃഷ്ടിച്ചു ജീവിപ്പിക്കുമെന്നോ അതിന് അവന് കഴിയുമെന്നോ അവർ സമ്മതിച്ചില്ല. അവരോടു ചോദിക്കുകയാണ്: വൻ ശൈലങ്ങളും മഹാസമുദ്രങ്ങളും കാടും മേടും പുഴകളും ഖനിജങ്ങളുമൊക്കെ അടങ്ങുന്ന ഭൂലോകത്തേക്കാളും വ്യവസ്ഥാപിതമായി ചരിച്ചുകൊണ്ടിരിക്കുന്ന, കത്തിജ്ജ്വലിക്കുന്നതും അല്ലാത്തതുമായ കോടാനുകോടി ഗ്രഹോപഗ്രഹങ്ങളുമുള്ള വാനലോകത്തേക്കാളുമെല്ലാം സൃഷ്ടിക്കാൻ പ്രയാസമുള്ള പ്രതിഭാസമാണോ അല്ലാഹു കേവലം കളിമണ്ണിൽനിന്ന് സൃഷ്ടിച്ച മനുഷ്യൻ? ഈ മഹാപ്രതിഭാസങ്ങളെല്ലാം ലക്ഷക്കണക്കിൽ സംവത്സരങ്ങളായി നാശമില്ലാതെ നിലനിൽക്കുകയും പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. മണ്ണിൽനിന്നുണ്ടാക്കിയ മനുഷ്യനാവട്ടെ അമ്പതോ നൂറോ വർഷം മാത്രം ജീവിച്ചു മരിച്ചുപോവുകയാണ്. മണ്ണുകൊണ്ടുണ്ടാക്കിയ മനുഷ്യൻ മണ്ണിൽ ചേർന്നുപോയാൽ അതേ മണ്ണിൽനിന്നു വീണ്ടും സൃഷ്ടിക്കാൻ അവൻ അശക്തനാകുന്നതെങ്ങനെയാണ്? ഖുർആൻ ഈ യാഥാർഥ്യം പല രീതിയിൽ വ്യക്തമാക്കിയിട്ടുണ്ട്:

لَخَلْقُ السَّمَاوَاتِ وَالْأَرْضِ أَكْبَرُ مِنْ خَلْقِ النَّاسِ

''ആകാശഭൂമികളുടെ സൃഷ്ടി തന്നെയാണ് മനുഷ്യരെ സൃഷ്ടിക്കുന്നതിനേക്കാൾ ഗുരുതരമായത്'' (40:57).

أَوَلَمْ يَرَوْا أَنَّ اللَّهَ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ قَادِرٌ عَلَىٰ أَن يَخْلُقَ مِثْلَهُمْ وَجَعَلَ لَهُمْ أَجَلًا لَّا رَيْبَ فِيهِ

''വാനലോകവും ഭൂലോകവും സൃഷ്ടിച്ച അല്ലാഹു അവരെപ്പോലുള്ളവരെയും സൃഷ്ടിക്കാൻ കഴിവുള്ളവനാണെന്നും അവരെ ഉയിർത്തെഴുന്നേൽപിക്കാൻ ഒരു സമയം നിശ്ചയിച്ചിട്ടുണ്ടെന്നത് നിസ്സംശയമാണെന്നും അവർ മനസ്സിലാക്കുന്നില്ലയോ?'' (17:99).

أَوَلَيْسَ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ بِقَادِرٍ عَلَىٰ أَن يَخْلُقَ مِثْلَهُم بَلَىٰ وَهُوَ الْخَلَّاقُ الْعَلِيمُ

''വാനഭുവനങ്ങൾ സൃഷ്ടിച്ചവൻ നിങ്ങളെപ്പോലുള്ളവരെ സൃഷ്ടിക്കാൻ കഴിവുള്ളവനല്ലന്നോ. ഒരിക്കലും അങ്ങനെയല്ല. എന്തും ഏറ്റം നന്നായി സൃഷ്ടിക്കാൻ കഴിവുള്ളവൻ തന്നെയാണവൻ'' (36:81).

أَفَعَيِينَا بِالْخَلْقِ الْأَوَّلِ - ''ആദ്യ സൃഷ്ടികൊണ്ട് തന്നെ അവൻ ക്ഷീണിച്ചു പോയെന്നാണോ'' (50:15).

മൂലത്തിലെ فَاسْتَفْتِهِمْ-ന്റെ ഭാഷാർഥം 'അവരോട് വിധി തേടുക' എന്നാണ്. അവരോട് ചോദിക്കുക- فَاسْأَلْهُم എന്ന അർഥത്തിലും ഇത് ഉപയോഗിക്കുന്നു. എങ്കിലും ചോദ്യവും سؤال-ഉം استفتاء-ഉം തമ്മിൽ ചെറിയ വ്യത്യാസമുണ്ട്. 4:127-ാം സൂക്തത്തിനു താഴെ *ഖുർആൻ ബോധനം* ഈ വ്യത്യാസം വിശദീകരിച്ചിരിക്കുന്നു. കളിമണ്ണിന്റെ വിശേഷണമായി പറഞ്ഞ لَّازِب-ന് 'ഒട്ടുന്നത്' എന്നും 'ഉറച്ചത്' എന്നും അർഥമുണ്ട്. ഇതിന്റെ ക്രിയാപദം لَزِبَ-യാണ്. വളരെ കുറഞ്ഞ് അൽപം മാത്രമായതിന് لَزِب എന്നു പറയും. طِينٍ لَّازِبٍ-ന് 'ഒട്ടുന്ന കളിമണ്ണ്' എന്നാണ് പൊതുവിൽ സ്വീകരിക്കപ്പെട്ട അർഥം. അൽപം മാത്രമായ കളിമണ്ണിൽനിന്ന് എന്നോ ഉറച്ച കളിമണ്ണിൽനിന്ന് എന്നോ അർഥം കൽപിക്കുന്നതും തെറ്റാകുന്നില്ല. പശിമയുള്ള അൽപം കളിമണ്ണ് എന്ന ആശയമാണ് കൂടുതൽ സന്ദർഭോചിതം.

പക്ഷേ, എന്നാൽ, എങ്കിലും, അല്ല തുടങ്ങിയ അർഥങ്ങളുള്ള بَلْ ഭാഷണം ഇടക്കുവെച്ച് മറ്റൊരു വിഷയത്തിലേക്ക് മാറുന്നതിന്റെ അടയാളമായും ഉപയോഗിക്കും. അപ്പോൾ അതിന് اضراب-ന്റെ بل എന്നു പറയുന്നു. പ്രപഞ്ചത്തിന്റെയും മനുഷ്യന്റെയും സൃഷ്ടിയും പുനഃസൃഷ്ടിയും സംബന്ധിച്ച സംസാരത്തിൽനിന്ന് അത്തരം യാഥാർഥ്യങ്ങളോടുള്ള പര

ലോകനിഷേധികളുടെ സമീപനത്തിലേക്ക് തിരിയുന്നതിന്റെ അടയാളമാണ് ഇവിടെ بَلْ.

പ്രവാചകൻ അത്ഭുതപ്പെടുകയും ജനം പരിഹസിക്കുകയും ചെയ്യുന്ന കാര്യം ഏതാണെന്ന് ഇവിടെ വ്യക്തമായി പ്രസ്താവിക്കുന്നില്ല. എങ്കിലും പ്രവാചകൻ അത്ഭുതപ്പെടുന്നത് ഒരു പിടി മണ്ണുകൊണ്ട് മനുഷ്യനെ സൃഷ്ടിച്ച അല്ലാഹുവിന് അതേ മണ്ണിൽനിന്ന് അവനെ വീണ്ടും സൃഷ്ടിക്കാനാവില്ല എന്ന അവിശ്വാസികളുടെ വാദത്തിലാണെന്ന് 13:5-ലെ وَإِن تَعْجَبْ فَعَجَبٌ قَوْلُهُمْ أَإِذَا كُنَّا تُرَابًا أَإِنَّا لَفِي خَلْقٍ جَدِيدٍ 'നീ അത്ഭുതപ്പെടുന്നുവെങ്കിൽ അത്ഭുതപ്പെടേണ്ടത് നമ്മൾ മരിച്ചു മണ്ണായാൽ പിന്നെയും പുതുതായി സൃഷ്ടിക്കപ്പെടുമെന്നോ എന്ന ജനത്തിന്റെ വർത്തമാനത്തിലാകുന്നു' എന്ന വാക്യത്തിൽനിന്ന് മനസ്സിലാക്കാം. പ്രാപഞ്ചിക പ്രതിഭാസങ്ങൾ വിളിച്ചോതുന്ന തികച്ചും യുക്തിസഹമായ ഒരു യാഥാർഥ്യത്തെയാണ് അവർ നിഷേധിക്കുന്നത്. ഈ നിഷേധത്തിലൂടെ തന്നെയാണ് ഉയിർത്തെഴുന്നേൽപിനെ അവിശ്വാസികൾ പരിഹാസപാത്രമാക്കുന്നതും എന്ന് തുടർന്നുവരുന്ന സൂക്തങ്ങളിൽനിന്നും വ്യക്തമാകുന്നു.

ذُكِّرَ (അനുസ്മരിച്ചു, പറഞ്ഞു)-യുടെ സകർമക രൂപമാണ് ذَكَّرَ. അതിന്റെ ബഹുവചന കർമണി രൂപമാണ് ذُكِّرُوا. ക്രിയാനാമം تَذْكِير. മറന്നതിനെ ഓർമിപ്പിക്കുക, അശ്രദ്ധമായതിലേക്ക് ശ്രദ്ധ ക്ഷണിക്കുക, ഉപദേശിക്കുക, ഉദ്ബോധിപ്പിക്കുക തുടങ്ങിയ പ്രയോഗാർഥങ്ങളുണ്ടിതിന്. തങ്ങൾ അശ്രദ്ധമായി തള്ളിക്കളയുന്ന മരണാനന്തര ജീവിതത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, അല്ലെങ്കിൽ ഉപദേശിക്കപ്പെടുമ്പോൾ, ഉദ്ബോധിപ്പിക്കപ്പെടുമ്പോൾ അതു ശ്രദ്ധിച്ചു മനസ്സിലാക്കാനോ അതെക്കുറിച്ച് ആലോചിക്കാനോ അവർ കൂട്ടാക്കുന്നില്ല എന്നാണ് وَإِذَا ذُكِّرُوا لَا يَذْكُرُونَ -ന്റെ താൽപര്യം. അതു ശ്രദ്ധിക്കപ്പെടേണ്ടതോ പരിഗണിക്കപ്പെടേണ്ടതോ ആയ കാര്യമേ അല്ല എന്നാണ് നിലപാട്. പ്രവാചകനും അദ്ദേഹം ഓർമിപ്പിക്കുന്ന പരലോകവും സത്യമാണെന്ന് ബോധ്യപ്പെടുത്തുന്ന ധാരാളം ദൃഷ്ടാന്തങ്ങൾ അവരുടെ മുന്നിലുണ്ട്. ഭൗതിക പ്രപഞ്ചത്തിൽ ഒട്ടേറെ പദാർഥങ്ങൾ ഉത്ഭവിക്കുന്നതും നശിക്കുന്നതും പുനരുത്ഭവിക്കുന്നതും അവർ കണ്ടുകൊണ്ടിരിക്കുന്നുണ്ട്. മനുഷ്യൻ എന്ന വിശേഷ സൃഷ്ടിയുടെ മരണാനന്തര ജീവിതത്തിന്റെയും വിചാരണയുടെയും രക്ഷാശിക്ഷാ വിധിയുടെയും അനിവാര്യത നിഷ്പക്ഷമായ യുക്തിവിചാരവും ബോധ്യപ്പെടുത്തുന്നുണ്ട്. അതോടൊപ്പം പ്രവാചകൻ വേദവചനങ്ങളിലൂടെ അക്കാര്യം സഗൗരവം ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. താൻ സത്യപ്രവാചകനാണെന്നതിന്റെ വ്യക്തമായ അടയാളങ്ങൾ കാണിച്ചുകൊടുക്കുകയും ചെയ്യുന്നു. ഇതൊക്കെയും സജീവമായ മനസ്സാക്ഷിയുള്ളവർക്ക് പരലോകത്തിൽ വിശ്വസിക്കാൻ മതിയായ ദൃഷ്ടാന്തങ്ങളാകുന്നു.

പക്ഷേ, ഏതു ദൃഷ്ടാന്തം കണ്ടാലും അഥവാ പ്രകൃതിയിലെ മരണവും പുനർജനനവും ചൂണ്ടിക്കാണിച്ചാലും ദൈവിക വചനങ്ങൾ ഓതിക്കേൾപ്പിച്ചാലും ബുദ്ധിപരമായ ന്യായങ്ങൾ നിരത്തിയാലും ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തിയാലും, എല്ലാം അവർ പരിഹസിച്ചു തള്ളുകയാണ്.

سَخِرَ-യുടെ അത്യുക്തി(مبالغة)യാണ് اسْتَسْخَرَ (അതിരൂക്ഷമായി പരിഹസിച്ചു). ആകാശലോകത്തേക്കാളും ഭൂമിയേക്കാളുമൊക്കെ സൃഷ്ടിക്കാൻ പ്രയാസമുള്ള വസ്തുവാണോ ഒരു പിടി മണ്ണുകൊണ്ടുണ്ടാക്കപ്പെട്ട മനുഷ്യൻ എന്ന് ചിന്തിക്കാൻ ഉദ്ബോധിപ്പിക്കുന്ന വേദവചനങ്ങൾ കേൾക്കുമ്പോൾ അവരുടെ പ്രതികരണം ഇതൊക്കെയും വെറും ആഭിചാരം-വശീകരണ മന്ത്രങ്ങൾ മാത്രമാകുന്നു എന്നാണ്. ആഭിചാരമാണെന്ന് നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണ് തെളിഞ്ഞ ആഭിചാരം – سِحْرٌ مُّبِينٌ. മനസ്സിലാക്കാനാവാത്ത കാര്യങ്ങൾ പറഞ്ഞ് ആളുകളെ ഭ്രമിപ്പിച്ചു വശീകരിക്കുകയാണ് ഇയാളുടെ ലക്ഷ്യം. നമ്മളൊക്കെ മരിച്ച് മണ്ണായിക്കഴിഞ്ഞ ശേഷം പിന്നെയും ജീവിച്ച് എഴുന്നേറ്റ് വരുമത്രെ! أَإِذَا- أَإِنَّا എന്നീ രണ്ടു പദങ്ങളിലും ചോദ്യസൂചകമായ 'أَ' ചേർത്തിരിക്കുന്നു. أَإِذَا എന്നതിലെ 'أَ' കൊണ്ടുതന്നെ വചനം ചോദ്യമാകും. ചോദ്യത്തിന് കൂടുതൽ ഊന്നൽ ലഭിക്കുന്നതിനു വേണ്ടിയാണ് വീണ്ടും أَإِنَّا എന്ന അടുത്ത വാക്യവും ചോദ്യരൂപത്തിൽ അവതരിപ്പിക്കുന്നത്. വാസ്തവത്തിൽ അവിശ്വാസികളുടെ ഈ ചോദ്യം അറിയാൻ വേണ്ടിയുള്ളതല്ല, രൂക്ഷമായ പരിഹാസവും നിഷേധവുമാണതിന്റെ ഉദ്ദേശ്യം.

ഞങ്ങളുടെ പൂർവ പിതാക്കളും ഉയിർത്തെഴുന്നേൽപിക്കപ്പെടുമോ എന്ന ചോദ്യം പരിഹാസത്തിന്റെ പരമകാഷ്ഠയാണ്. അതായത്, നമ്മുടെ കോടാനുകോടി പൂർവികർ മരിച്ചു മണ്ണായിപ്പോയിട്ടുണ്ടല്ലോ. അവരിലാരും ഉയിർത്തെഴുന്നേറ്റു വന്നിട്ടില്ല എന്നത് പകൽവെളിച്ചം പോലെ തെളിഞ്ഞ കാര്യമാണ്. എന്നിരിക്കെയാണല്ലോ ഇയാൾ ഉയിർത്തെഴുന്നേൽപും വിചാരണയുമൊക്കെ ഉപദേശിച്ചു നമ്മുടെ മുന്നിൽ വന്നിരിക്കുന്നത്, കഷ്ടം! ●

قُلْ نَعَمْ وَأَنتُمْ دَاخِرُونَ ﴿١٨﴾

18. പ്രവാചകൻ പറയുക: അതേ, നിങ്ങൾ എളിയവരും നിന്ദിതരുമായി എഴുന്നേറ്റുവരുന്നതാകുന്നു.

**18**

قُلْ = നീ (പ്രവാചകൻ) പറയുക നَعَمْ = അതേ

وَأَنتُمْ دَاخِرُونَ = നിങ്ങൾ എളിയവരും നിന്ദിതരുമായ നിലയിൽ (എഴുന്നേറ്റുവരുന്നതാകുന്നു)

അവിശ്വാസികളുടെ പരിഹാസത്തെ അവഗണിച്ചുതള്ളാതെ ഗൗരവത്തിലെടുത്തു മറുപടി പറയാനാണ് അല്ലാഹു പ്രവാചകനോട് കൽപിച്ചത്. അതേ, നിങ്ങളുടെ പൂർവികരൊക്കെയും ഉയിർത്തെഴുന്നേൽപിക്കപ്പെടും. അവരോടൊപ്പം നിങ്ങളും ജീവിച്ചെഴുന്നേറ്റ് പതിതരും നിന്ദിതരുമായി അല്ലാഹുവിന്റെ മുമ്പിൽ എത്തുക തന്നെ ചെയ്യും. دَخَرَ-യുടെ കർതൃ ബഹുവചനമാണ് دَاخِرُونَ. അപകൃഷ്ടതയിലും നിന്ദ്യതയിലും അകപ്പെടുകയാണ് دَخَرَ. ഇത് دَخِرَ

എന്നാകുമ്പോൾ വിഭ്രമവും ഭീതിയുമാകുന്നു. രണ്ടിന്റെയും കർതൃപദം دَاخِر തന്നെ. അതിനാൽ وَأَنتُمْ دَاخِرُونَ-ന്റെ താൽപര്യം നിങ്ങൾ പരിഭ്രാന്തരായിക്കൊണ്ട് എന്നും ആകാവുന്നതാണ്. രണ്ടർഥവും സന്ദർഭോചിതമാകുന്നു. ●

---

فَإِنَّمَا هِيَ زَجْرَةٌ وَاحِدَةٌ فَإِذَا هُمْ يَنظُرُونَ ﴿١٩﴾

19. അത് ഒരൊറ്റ ഗർജനമായിരിക്കും. അതോടെ എല്ലാവരും എഴുന്നേറ്റ് അമ്പരന്ന് ചുറ്റും നോക്കുന്നു.

**19**

فَإِنَّمَا هِيَ = തീർച്ചയായും അത് زَجْرَةٌ وَاحِدَةٌ = ഒരൊറ്റ ഗർജനമാ(യിരിക്കും)ക്കുന്നു

فَإِذَا هُمْ = അപ്പോൾ അതാ (അതോടെ) അവർ يَنظُرُونَ = (എല്ലാവരും എഴുന്നേറ്റ് അമ്പരന്ന് ചുറ്റും) നോക്കുന്നു

ഭൂമിയിൽ മരിച്ചു മണ്ണടിഞ്ഞുപോയ മർത്യരാസകലം ഒരുനാൾ ഉയിർത്തെഴുന്നേൽക്കുക അസാധ്യവും അസംഭവ്യവുമായി അവിശ്വാസികൾ കാണുന്നു. എന്നാൽ അല്ലാഹുവിന് അതൊട്ടും അസാധ്യമോ പ്രയാസകരമോ അല്ല. ഒരൊറ്റ ഉത്തരവിടുകയേ വേണ്ടൂ, എല്ലാവരും ഉയിർത്തെഴുന്നേറ്റു അമ്പരപ്പോടെ ചുറ്റും നോക്കുകയായി. زَجْرَةٌ-ന്റെ ഭാഷാർഥം നേരത്തേ 2-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിട്ടുണ്ട്. ഇവിടെ അതുകൊണ്ടുദ്ദേശ്യം ഖിയാമത്തിന്റെ കൊമ്പുവിളി - نفخ الصور ആവാം. കൊമ്പുവിളിക്കാൻ അല്ലാഹുവിങ്കൽനിന്നുണ്ടാകുന്ന ഉത്തരവുമാകാം. അല്ലെങ്കിൽ പ്രപഞ്ചത്തിന്റെ ഘടന തകർക്കാൻ മലക്കുകളുടെ നായകൻ മറ്റു മലക്കുകൾക്ക് നൽകുന്ന കൽപനയാകാം. സൈനിക കമാന്റർ തന്റെ പടയാളികളോട് കൽപിക്കുന്നത് ഏതാണ്ടൊരു ഗർജന സ്വരത്തിലായിരിക്കുമല്ലോ. ഖിയാമത്തിന്റെ മുന്നോടിയായ കൊമ്പുവിളിയായിട്ടാണ് വ്യാഖ്യാതാക്കൾ പൊതുവിൽ ഈ زَجْرَةٌ-നെ സ്വീകരിച്ചിട്ടുള്ളത്. ●

---

وَقَالُوا۟ يَـٰوَيْلَنَا هَـٰذَا يَوْمُ ٱلدِّينِ ﴿٢٠﴾

20. തുടർന്ന് നിലവിളിക്കുകയായി: ഹാ! കഷ്ടം! വിധിദിനം ഇതാ സംഭവിച്ചുവല്ലോ!

هَـٰذَا يَوْمُ ٱلْفَصْلِ ٱلَّذِى كُنتُم بِهِۦ تُكَذِّبُونَ ﴿٢١﴾

21. അതേ, നിങ്ങൾ തള്ളിപ്പറഞ്ഞിരുന്ന വിധിദിനം തന്നെയാണിത്.

**20,21**

وَقَالُوا = അവർ പറഞ്ഞു (നിലവിളിക്കുകയായി) يَا وَيْلَنَا = ഞങ്ങളുടെ നാശമേ (ഹാ... കഷ്ടം!)

هَٰذَا يَوْمُ الدِّينِ = വിധിദിനം ഇതാ (സംഭവിച്ചുവല്ലോ) هَٰذَا يَوْمُ الْفَصْلِ = (അതേ) വിധിദിനം (തന്നെയാണ്) ഇത്

الَّذِي كُنتُم بِهِ تُكَذِّبُونَ = നിങ്ങൾ തള്ളിപ്പറഞ്ഞിരുന്നതായ

ഉയിർത്തെഴുന്നേറ്റ പരലോകനിഷേധികളൊക്കെയും അത്യന്തം ഭയവിഭ്രാന്തിയോടെ വിലപിക്കുകയായി: ഹാ കഷ്ടം! പ്രവാചകന്മാർ മുന്നറിയിപ്പു നൽകിയപ്പോൾ നമ്മൾ പുഛിച്ചുതള്ളിയ ആ കർമഫലദിനം തന്നെയാണിത്. ആ വിലാപത്തിന് ഇപ്രകാരം പ്രതികരണമുണ്ടാകുന്നു; അതേ, നിങ്ങൾ കള്ളമെന്ന് തള്ളിപ്പറഞ്ഞിരുന്ന ആ വിധിതീർപ്പിന്റെ ദിനം തന്നെയാണിത്. ഈ പ്രതികരണം ആരിൽനിന്നാണെന്ന് ഇവിടെ പറയുന്നില്ല. അത് അല്ലാഹുവിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതാകുന്നു എന്നാണ് പ്രബലമായ അഭിപ്രായം. കർമഫലദിനം - يَوْمُ الدِّينِ ആണിത് എന്നു പറഞ്ഞവർ തന്നെ പരസ്പരം പറയുന്നതാകുന്നു എന്നാണ് മറ്റൊരഭിപ്രായം. മലക്കുകൾ അവരോട് പറയുന്നതാകാം എന്നാണ് മൂന്നാമത്തെ അഭിപ്രായം. രണ്ടാമത്തെ അഭിപ്രായമാണ് കൂടുതൽ ഉചിതമായി തോന്നുന്നത്. يَوْمُ الْفَصْلِ-ഉം يَوْمُ الدِّينِ-ഉം തത്ത്വത്തിൽ ഒന്നു തന്നെയാണ്. കർമത്തെ ആധാരമാക്കി രക്ഷാശിക്ഷകൾ വിധിക്കുന്ന ദിനമാണ് يَوْمُ الدِّينِ. സത്യവും അസത്യവും തമ്മിൽ വേർതിരിച്ചു വിധിക്കുന്ന ദിനമാണ് يَوْمُ الْفَصْلِ. ഈ രണ്ടു വിധിയുടെയും ഫലം കർമം പരിഗണിച്ചുള്ള രക്ഷയും ശിക്ഷയും തന്നെ. ●

**തിരുത്ത്**

*പ്രബോധനം* ലക്കം 3182 (25-12-2020) *ഖുർആൻ ബോധനം* 1094-ൽ സൂറ *യാസീൻ* 74-75 സൂക്തങ്ങളുടെ വിശദീകരണത്തിൽ (പേജ് 29 അവസാന ഖണ്ഡികയിലും പേജ് 30 ആദ്യ ഖണ്ഡികയിലും) 'ആരാധ്യരെ' എന്നും 'ആരാധ്യർ' എന്നും അച്ചടിച്ചത്, 'ആരാധകരെ' എന്നും 'ആരാധകർ' എന്നും തിരുത്തി വായിക്കേണ്ടതാകുന്നു. തെറ്റുപറ്റിയതിൽ ഖേദിക്കുന്നു.

*പത്രാധിപർ*